# അല്ലാഹുവിലുള്ള വിശ്വാസം

അല്ലാഹുവിലുള്ള വിശ്വാസമാണല്ലോ ഈമാൻ കാര്യങ്ങളിൽ ഒന്നാമത്തേത്. ഏതു വിധത്തിലാണ് അല്ലാഹുവിൽ വിശ്വസിക്കേണ്ടത്? അവൻ മാത്രമാണ് ആരാധനക്കർഹൻ. അവൻ ലോക രക്ഷിതാവാണ്. ഈ ലോകവും അതിലുള്ള വസ്തുക്കളുമെല്ലാം അവൻെറ സൃഷ്ടികളാണ്. അവൻ ജനിച്ചുണ്ടായവനല്ല. മരിച്ചു പോകുന്നവനുമല്ല. എന്നാൽ ജീവിപ്പിക്കുന്നതും മരിപ്പിക്കുന്നതും അവനാണ്. അവൻ സർവ്വ കഴിവുകളും തികഞ്ഞവനാണ്. അവൻ നൽകുന്ന കഴിവുകളേ സൃഷ്ടികൾക്കുള്ളൂ. അവന്ന് ആരുടേയും സഹായം ആവശ്യമില്ല. സൃഷ്ടികൾ എല്ലാം അവനെ ആശ്രയിക്കുന്നവരാണ്. അവൻ എല്ലാം കേൾക്കുന്നവനും കാണുന്നവനുമാണ്. അവൻെറ നിശ്ചയങ്ങൾക്കനുസരിച്ചാണ് ലോകത്ത് എല്ലാ കാര്യങ്ങളും നടക്കുന്നത്.

അല്ലാഹു ഏകനാണ്. അവന് കുടുംബങ്ങളില്ല. കൂട്ടുകാരില്ല. ഇണയില്ല. തുണയുമില്ല. ഇവ ഒന്നിൻേറയും ആവശ്യവും അവനില്ല. അവനു തുല്യമായി ഒന്നും തന്നെയില്ല. പടപ്പുകളുടെ സൃഷ്ടിപ്പിലും പരിപാലനത്തിലും അവന് പങ്കുകാരില്ല. സഹായികളുമില്ല. അവൻ ഏകനായ സർവ്വാധികാരിയാണ്.

വിശുദ്ധ ക്വുർആൻ അല്ലാഹുവിനെ പരിചയപ്പെടുത്തുന്നത് കാണുക:

قُلْ هُوَ اللهُ أَحَدٌ  اللهُ الصَّمَدُ  لَمْ يَلِدْ وَ لَمْ يُولَدْ  وَ لَمْ يَكُن لَّهُ كُفُوًا أَحَدٌ

**" പറയുക: അല്ലാഹു ഏകനാണ് എന്നതാണ് കാര്യം. അല്ലാഹു എല്ലാവര്‍ക്കും ആശ്രയമായിട്ടുള്ളവനാണ്. അവന്‍ (സന്താനങ്ങളെ) ജനിപ്പിച്ചിട്ടില്ല. അവന്‍ ജനിച്ചവനുമല്ല. അവനു തുല്യമായി ആരും തന്നെയില്ല."**

നമ്മെ രക്ഷിക്കുവാനും ശിക്ഷിക്കുവാനും കഴിവുള്ളവന്‍ അവന്‍ മാത്രമാണ്. മറ്റു ആരാധ്യവസ്തുക്കളെല്ലാം മനുഷ്യര്‍ നിര്‍മ്മിച്ചുണ്ടാക്കിയവയാണ്. അവര്‍ക്ക് നമ്മെ രക്ഷിക്കുവാന്‍ കഴിയുകയില്ല. അല്ലാഹു നമ്മോട് അതിരറ്റ സ്നേഹമുള്ളവനാണ്. എല്ലാ അനുഗ്രഹങ്ങളും ഒരുക്കിത്തന്നവനാണ്. നമ്മുടെ തെറ്റുകുറ്റങ്ങള്‍ പൊറുത്തു തരുന്നവനുമാണ്. അതു കൊണ്ട് നാം അല്ലാഹുവില്‍ ദൃഢമായി വിശ്വസിക്കണം. അവന്‍റെ കല്‍പനകള്‍ അനുസരിക്കണം. അവന്‍റെ അനുഗ്രഹങ്ങള്‍ക്ക് നന്ദി കാണിക്കണം. അവനെ മാത്രം ആരാധിക്കുകയും വേണം. ഉത്തമമായ സര്‍വ്വ ഗുണങ്ങളുടേയും ഉടമയാണ് അവന്‍. അവയില്‍ ചില ഗുണങ്ങളാണ് നാം ഇപ്പോള്‍ പഠിച്ചത്. മറ്റു ചില ഗുണങ്ങള്‍ കൂടി തുടര്‍ന്നുള്ള പാഠങ്ങളില്‍ നമുക്കു പഠിക്കാം.

കടപ്പാട്

കേരള നദ്‌വത്തുല്‍ മുജാഹിദീന്‍ വിദ്യഭ്യാസ ബോര്‍ഡ്